Chapter - 1
## ഒരു അവധിക്കാലത്ത്

**പഠന നേട്ടം**
സംഖ്യാബന്ധങ്ങൾ സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു, രീതി വിശദീകരിക്കുന്നു.
**സാമഗ്രികൾ**
"സ്കോർ ബോർഡ് A4 ഷീറ്റ്"
**ആശയങ്ങൾ, ധാരണകൾ**
ഒരു സംഖ്യയെ ആവശ്യത്തിനനുസരിച്ച് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാൻ കഴിയും.
**ഉത്പന്നങ്ങൾ**
പേപ്പർ മെഗാഫോൺ
**വിലയിരുത്തൽ**
സംഖ്യാബന്ധങ്ങൾ കണ്ടെത്താനുള്ള കഴിവ്.
**സമയം(മിനുട്ടിൽ)**
30

| | |
|---|---|
| **1 - ഒരു അവധിക്കാലത്ത്**<br>**ആക്ടിവിറ്റി**<br>വോളിബോൾ കളി<br>**പ്രവർത്തനത്തിന്റെ പേര്**<br>വോളിബോൾ കളി<br>**പ്രവർത്തന ഘട്ടങ്ങൾ**<br>" ടെക്സ്റ്റ് ബുക്ക് പ്രവർത്തനം വോളിബോൾ കളി അവതരണം A4 ഷീറ്റു കൊണ്ട് എല്ലാവർക്കും മെഗാഫോൺ നിർമ്മിക്കുന്നു. ടീച്ചറും കുട്ടികളും മെഗാഫോണിൽ ആദ്യ സെറ്റിന്റെ അനൗൺസ്മെന്റ് നടത്തുന്നു ചോദ്യങ്ങൾ ഒരുമ ക്ലബിന് ആദ്യ സെറ്റിൽ ലഭിച്ച പോയിന്റ് എത്ര? പുഞ്ചിരി ക്ലബ് എത്ര പോയിന്റ് കൂടുതൽ നേടിയാണ് വിജയിച്ചത്? പുഞ്ചിരി ക്ലബിനു ലഭിച്ച പോയിന്റ് എത്ര? ടെക്സ്റ്റ് ബുക്ക് പട്ടിക പൂരിപ്പിക്കുന്നു ഇതുപോലെ രണ്ടാമത്തെ സെറ്റിലെ പട്ടികയും പൂരിപ്പിക്കുന്നു മൂന്നാം സെറ്റിലെ സ്കോർ വിശകലനം ആരാണ് ജയിച്ചത്? തോറ്റവരെക്കാൾ എത്ര പോയിന്റ് കൂടുതൽ നേടി? സംഖ്യാബന്ധത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ നോട്ടിൽ വ്യക്തിഗതമായി അനൗൺസ്മെന്റ് തയ്യാറാക്കുന്നു മെഗാഫോൺ വച്ച് പറയുന്നു."<br>**സാമഗ്രികൾ**<br>എ4 ഷീറ്റ്<br>**ആശയങ്ങൾ, ധാരണകൾ, മൂല്യ ങ്ങൾ**<br>ഒരു സംഖ്യയെ ആവശ്യത്തിനനുസരിച്ച് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാൻ കഴിയും<br>**വിലയിരുത്തൽ**<br>സംഖ്യയിലെ ബന്ധങ്ങൾ കണ്ടെത്താനുള്ള കഴിവ്.<br>**തുടർപ്രവർത്തനങ്ങൾ** | |

Chapter - 1
## ഒരു അവധിക്കാലത്ത്

**പഠന നേട്ടം**
"ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കുന്നു. രണ്ടക്ക സംഖ്യകളെ വലിപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്നു. രീതി വിശദീകരിക്കുന്നു."
**സാമഗ്രികൾ**
"ഡൈസ്, സംഖ്യാകാർഡ്, ഈർക്കിൽ ഐ.സി.റ്റി സംഖ്യകളെ ക്രമീകരിക്കാം"
**ആശയങ്ങൾ, ധാരണകൾ**
"രണ്ടക്ക സംഖ്യകളിൽ വലതുവശത്തെ അക്കം ഒന്നുകളേയും ഇടതുവശത്തെ അക്കം പത്തുകളെയും സൂചിപ്പിക്കുന്നു. രണ്ട് രണ്ടക്ക സംഖ്യകളിൽ വലുത് പത്തുകളുടെ കൂട്ടം

വലുതായ സംഖ്യയാണ്. പത്തിന്റെ കൂട്ടം തുല്ല്യമാണെങ്കിൽ ഒന്നിന്റെ കൂട്ടം വലുതായ സംഖ്യയാണ് വലുത്."

**ഉത്പന്നങ്ങൾ**
"സ്ഥാനവിലയ്ക്കനുസരിച്ച് എഴുതിയ സംഖ്യകൾ സംഖ്യകളെ വലിപ്പ ക്രമത്തിൽ ക്രമീകരിച്ച പട്ടിക"
**വിലയിരുത്തൽ**
"പത്തുകളുടെയും ഒന്നുകളുടെയും കൂട്ടങ്ങളെ സംഖ്യകളായി എഴുതാനുള്ള കഴിവ്. സംഖ്യകളെ വലുപ്പ ക്രമത്തിൽ ക്രമീകരിക്കാനുള്ള കഴിവ്. "
**സമയം(മിനുട്ടിൽ)**
60

| **1 - ഒരു അവധിക്കാലത്ത്**<br>**ആക്ടിവിറ്റി**<br>ഡൈസ് കളി<br>**പ്രവർത്തനത്തിന്റെ പേര്**<br>ഡൈസ് കളി<br>**പ്രവർത്തന ഘട്ടങ്ങൾ**<br>"ടെക്സ്റ്റ് ബുക്കിലെ ഡൈസ് കളി അവതരിപ്പിക്കുന്നു. ബെഞ്ചുകൾക്ക് ഒരു സെറ്റുവീതം 10 ന്റെയും ഒന്നിന്റെയും ഡൈസുകൾ നൽകുന്നു. രണ്ട് ഡൈസുകൾ എറിഞ്ഞ് എങ്ങിനെ പോയിന്റുകൾ കണ്ടെത്തുമെന്ന് 2-3 തവണ ടെക്സ്റ്റ് ബുക്ക് മാതൃകയിൽ വിശദീകരിക്കുന്നു. ബെഞ്ച് ഗ്രൂപ്പിൽ ഡൈസ് കളി നടത്തുന്നു. ഗ്രൂപ്പിലെ ഓരോ അംഗത്തിനും ലഭിക്കുന്ന പോയിന്റ് എല്ലാ കുട്ടികളും നോട്ടിൽ എഴുതുന്നു. ഗ്രൂപ്പംഗങ്ങൾക്ക് ലഭിച്ച പോയിന്റ് ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമീകരിച്ച് പട്ടിക രൂപത്തിലെഴുതുന്നു. ഏറ്റവും കൂടുതൽ പോയിന്റ് കിട്ടിയ കുട്ടിയെ കണ്ടെത്തുന്നു ടെക്സ്റ്റ് ബുക്ക് പ്രവർത്തനം പൂരിപ്പിക്കുന്നു പോയിന്റുകൾ അവരോഹണക്രമത്തിൽ തീവണ്ടിയുടെ ചിത്രത്തിനു മുകളിൽ എഴുതുന്നു. വിലയിരുത്തൽ പത്ത് ഒന്നുകൾ ചേർത്ത് സംഖ്യ രൂപീകരിക്കാനുള്ള കഴിവ്. വലിപ്പത്തിനനുസരിച്ച് സംഖ്യകളെ രൂപീകരിക്കാനുള്ള കഴിവ്. "<br>**സാമഗ്രികൾ**<br>ഡൈസ്, ലുഡോ ബോർഡ്, ഏണിയും പാമ്പും കളി<br>**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**<br>"രണ്ടക്ക സംഖ്യകളിൽ വലതുവശത്തെ അക്കം ഒന്നുകളേയും ഇടതുവശത്തെ അക്കം പത്തുകളെയും സൂചിപ്പിക്കുന്നു. രണ്ട് രണ്ടക്ക സംഖ്യകളിൽ വലുത് പത്തുകളുടെ കൂട്ടം വലുതായ സംഖ്യയാണ്. പത്തിന്റെ കൂട്ടം തുല്ല്യമാണെങ്കിൽ ഒന്നിന്റെ കൂട്ടം വലുതായ സംഖ്യയാണ് വലുത്."<br>**വിലയിരുത്തൽ**<br>"പത്തുകളുടെയും ഒന്നുകളുടേയും കൂട്ടങ്ങളെ സംഖ്യകളായി എഴുതൽ. വലിപ്പത്തിനനുസരിച്ച് സംഖ്യകളെ ക്രമീകരിക്കാനുള്ള കഴിവ്"<br>**തുടർപ്രവർത്തനങ്ങൾ** | |
|---|---|

Chapter - 1
**ഒരു അവധിക്കാലത്ത്**

**പഠന നേട്ടം**
"ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കുന്നു. രണ്ടക്ക സംഖ്യകളെ വലിപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്നു. രീതി വിശദീകരിക്കുന്നു."
**സാമഗ്രികൾ**

സംഖ്യാചിത്രം
**ആശയങ്ങൾ, ധാരണകൾ**
രണ്ടക്ക സംഖ്യകളിൽ വലതുവശത്തെ അക്കം ഒന്നുകളേയും ഇടതുവശത്തെ അക്കം പത്തുകളെയും സൂചിപ്പിക്കുന്നു.
**ഉത്പന്നങ്ങൾ**
പൂരിപ്പിച്ച സംഖ്യാ ചിത്രം
**വിലയിരുത്തൽ**
പത്തുകളും ഒന്നുകളും ചേർത്ത് സംഖ്യ രൂപീകരിക്കാനുള്ള കഴിവ്.
**സമയം(മിനുട്ടിൽ)**
45

| | |
|---|---|
| **1 - ഒരു അവധിക്കാലത്ത്**<br>**ആക്ടിവിറ്റി**<br>കൂട്ടുകാരോട് ചോദിക്കൂ<br>**പ്രവർത്തനത്തിന്റെ പേര്**<br>കൂട്ടുകാരോട് ചോദിക്കൂ<br>**പ്രവർത്തന ഘട്ടങ്ങൾ**<br>രണ്ടക്കസംഖ്യകളെ പത്തുകളും ഒന്നുകളുമായി പിരിച്ചുപറയുന്നതിനുള്ള പ്രവർത്തനം...കല- പ്രവൃത്തിപഠനസാധ്യതയുമായി ഉദഗ്രഥിക്കുന്നു "കൂട്ടുകാരോട് ചോദിക്കൂ എന്ന ഗാനം അവതരിപ്പിക്കുന്നു.(ഉത്തര ഭാഗത്തിൽ ചെറിയ മാറ്റത്തോടെ) പത്തുകളെന്നിൽ ഒന്നുണ്ട് ഒന്നുകളെന്നിൽ ആറുണ്ട് ഞാനാരെന്ന് പറയാമോ? പറയാം പറയാം ചങ്ങാതി പത്തും ആറും പതിനാറ്. ഇതുപോലുള്ള 3-4 എണ്ണം ചോദ്യോത്തരപ്പാട്ടായി ക്ലാസിൽ അവതരിപ്പിക്കുന്നു(ടീച്ചർ ചോദ്യം, കുട്ടികൾ ഉത്തരം) ബെഞ്ച് ഗ്രൂപ്പുകൾ പരസ്പരം പാട്ടു പാടി കളിക്കുന്നു ഇതിന്റെ തുടർച്ചയായി സംഖ്യയേത് എന്ന പ്രവർത്തനം അവതരിപ്പിക്കുന്നു സംഖ്യാചക്രത്തിലെ 10-5-15 എന്നതിനെ പത്തുകളെന്നിൽ ഒന്നാണേ ഒന്നുകളെന്നിൽ അഞ്ചാണേ ഞാനാരെന്ന് പറയാമോ പറയാം പറയാം ചങ്ങാതി പത്തും അഞ്ചും പതിനഞ്ച് എന്ന രീതിയിൽ അവതരിപ്പിക്കുന്നു. സംഖ്യാ ചക്രത്തിലെ മറ്റു സംഖ്യകളെ പാട്ടായി അവതരിപ്പിച്ച് പൂരിപ്പിക്കുന്നു. 4 പേരുള്ള ഗ്രൂപ്പിൽ സംഖ്യാപ്പാട്ട് ഉപയോഗിച്ച് പുതിയ സംഖ്യാചക്രം നിർമ്മിക്കുന്നു. വിലയിരുത്തൽ പത്തുകളും ഒന്നുകളും ചേർത്ത് സംഖ്യ രൂപീകരിക്കാനുള്ള കഴിവിനെ വിലയിരുത്തുന്നു "**സാമഗ്രികൾ**<br>സംഖ്യാചക്രം<br>**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**<br>രണ്ടക്ക സംഖ്യകളിൽ വലതുവശത്തെ അക്കം ഒന്നുകളേയും ഇടതുവശത്തെ അക്കം പത്തുകളെയും സൂചിപ്പിക്കുന്നു.<br>**വിലയിരുത്തൽ**<br>പത്തുകളും ഒന്നുകളും ചേർത്ത് സംഖ്യ രൂപീകരിക്കാനുള്ള കഴിവ് .<br>**തുടർപ്രവർത്തനങ്ങൾ** | |

Chapter - 1
**ഒരു അവധിക്കാലത്ത്**

**പഠന നേട്ടം**
"സംഖ്യാബന്ധങ്ങൾ സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്ന രീതി വിശദീകരിക്കുന്നു. രണ്ടക്ക സംഖ്യകളെ പിരിച്ചെഴുതുന്നു രണ്ടക്ക സംഖ്യയെ സന്ദർഭത്തിനനുസരിച്ച് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു"
**സാമഗ്രികൾ**
"ഐ.സി.റ്റി സംഖ്യാസ്ട്രിപ്പ്"

**ആശയങ്ങൾ, ധാരണകൾ**
ഒരു സംഖ്യയെ ആവശ്യത്തിനനുസരിച്ച് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാൻ കഴിയും.
**ഉത്പന്നങ്ങൾ**
സംഖ്യകളെ വ്യാഖ്യാനിച്ച പട്ടിക
**വിലയിരുത്തൽ**
വാക്യരൂപത്തിൽ സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള കഴിവ്.
**സമയം(മിനുട്ടിൽ)**
60

| **1 - ഒരു അവധിക്കാലത്ത്**<br>**ആക്ടിവിറ്റി**<br>സംഖ്യ ഏത്?<br>**പ്രവർത്തനത്തിന്റെ പേര്**<br>സംഖ്യ ഏത് ?<br>**പ്രവർത്തന ഘട്ടങ്ങൾ**<br>"ടീച്ചർ മൂന്ന് കളങ്ങൾ വരച്ച സ്ട്രിപ്പ് ഓരോന്നു വീതം എല്ലാവർക്കും നൽകുന്നു. കുട്ടികൾ 10നും 20നും ഇടയിൽ ഇഷ്ടമുള്ള ഓരോ സംഖ്യ വീതം ഓരോ കളങ്ങളിലും എഴുതുന്നു. ടീച്ചർ നൽകുന്ന സൂചന പ്രകാരം വരുന്ന കളങ്ങൾ വെട്ടണം. ആദ്യം മൂന്നു കളങ്ങളും വെട്ടാൻ കഴിയുന്ന കുട്ടി വിജയിക്കും. ടീച്ചർ സംഖ്യാ സൂചന പറയുന്നു (16 നും 18നും ഇടയിലുള്ള സംഖ്യ) കുട്ടികൾ നോട്ടിൽ ഉത്തരം എഴുതുന്നു. ടീച്ചർ പ്രോസസ് ചെയ്യുന്നു 16,17,18 ബോർഡിൽ എഴുതുന്നു. ഇടയിലെ സംഖ്യ 17.കളത്തിൽ 17 എഴുതിയവർ എത്ര?<br>ഉയർത്തിക്കാണിക്കുന്നു,വെട്ടുന്നു. അടുത്ത സൂചന( നാല് ഒന്നുകളും ഒരു പത്തും )നോട്ടിൽ എഴുതുന്നു ടീച്ചർ പ്രോസസ് ചെയ്യുന്നു സ്ട്രിപ്പിൽ 4 ഒന്നുകൾ-4 ഒരു പത്ത് -10 - 4+10=14 സ്ട്രിപ്പിൽ എഴുതിയവർ ഉയർത്തിക്കാട്ടുന്നു,വെട്ടുന്നു. ഇതുപോലെ വ്യത്യസ്ത സൂചനകൾ നൽകി പ്രോസസ് ചെയ്ത് കളങ്ങളിലെ സംഖ്യ ആദ്യം വെട്ടിയ കുട്ടിയെ വിജയിയായി പ്രഖ്യാപിക്കുന്നു. (നോട്ടു പുസ്തകത്തിൽ കളം വരച്ച് കളി തുടരാം) തുടർന്ന് പാഠപുസ്തകം പേജ് 15 ലെ സംഖ്യ ഏത് എന്ന പ്രവർത്തനം അവതരിപ്പിക്കുന്നു. വ്യക്തിഗതമായി ചെയ്ത് അവതരിപ്പിക്കുന്നു. എന്തുകൊണ്ട് എല്ലാ ഉത്തരവും 28 ആയി.... ചോദ്യത്തിന്റെ പ്രത്യേകത എന്താണ്? ചർച്ച ക്രോഡീകരണം (ഒരു സംഖ്യയെ വ്യത്യസ്ത രീതികളിൽ വ്യാഖ്യാനിക്കാം.) 5,10 എന്നീ സംഖ്യകളെ വ്യത്യസ്ത രീതിയിൽ പറഞ്ഞുനോക്കുന്നു തുടർന്ന് 16 എന്ന സംഖ്യ ഉത്തരം കിട്ടുന്ന വാക്യങ്ങൾ വ്യക്തിഗതമായി എഴുതുന്നു അവതരണം. ടീച്ചർ ബോർഡിൽ ക്രോഡീകരണം (എത്ര വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിച്ചു). "<br>**സാമഗ്രികൾ**<br>പേപ്പർ സ്ട്രിപ്പുകൾ<br>**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**<br>ഒരു സംഖ്യയെ ആവശ്യത്തിനനുസരിച്ച് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാൻ കഴിയും.<br>**വിലയിരുത്തൽ**<br>"വാക്യ രൂപത്തിൽ സംഖ്യയെ വ്യാഖ്യാനിക്കാനുള്ള കഴിവ് "<br>**തുടർപ്രവർത്തനങ്ങൾ** | |
|---|---|

| | | |
|---|---|---|
| 1) 42 = 40 + 2 | 2) 53 = ____ + ____ | |
| 3) 21 = ____ + ____ | 4) 85 = ____ + ____ | |
| 5) 40 = ____ + ____ | 6) 75 = ____ + ____ | |
| 7) 36 = ____ + ____ | 8) 64 = ____ + ____ | |

Chapter - 1

**ഒരു അവധിക്കാലത്ത്**

**പഠന നേട്ടം**

"കലണ്ടർ നോക്കി ഒരു നിശ്ചിത തീയതി ഏതു ദിവസമാണെന്ന് കണ്ടെത്തുന്നു. കലണ്ടറിലെ സംഖ്യാബന്ധങ്ങൾ കണ്ടെത്തി പാറ്റേണുകൾ രൂപീകരിക്കുന്നു, യുക്തി വിശദീകരിക്കുന്നു."

**സാമഗ്രികൾ**

"കലണ്ടർ, ഇ-കലണ്ടർ -2020 വരെ"

**ആശയങ്ങൾ, ധാരണകൾ**

"തിയതി, ദിവസം എന്നിവ കണ്ടെത്തുന്നതിന് കലണ്ടർ ഉപയോഗിക്കുന്നു. ഒരാഴ്ചയിൽ ഏഴു ദിവസങ്ങൾ ഉണ്ട്. കലണ്ടറിൽ നിന്ന് വിവിധ പാറ്റേണുകൾ കണ്ടെത്താൻ കഴിയും."

**ഉത്പന്നങ്ങൾ**

രൂപീകരിച്ച പാറ്റേണുകൾ

**വിലയിരുത്തൽ**

"കലണ്ടർ വായന, പാറ്റേൺ കണ്ടെത്താനും പൂർത്തിയാക്കാനുമുള്ള കഴിവ്."

**സമയം(മിനുട്ടിൽ)**

120

**1 - ഒരു അവധിക്കാലത്ത്**

**ആക്ടിവിറ്റി**

മഞ്ചാടിക്കരയിലെ ഉത്സവം

**പ്രവർത്തനത്തിന്റെ പേര്**

മഞ്ചാടിക്കരയിലെ ഉത്സവം

**പ്രവർത്തന ഘട്ടങ്ങൾ**

"മഞ്ചാടിക്കരയിലെ ഉത്സവം എന്ന പാഠഭാഗം അവതരണം ടീച്ചർ - നന്ദന പറഞ്ഞത് ശരിയാണോ? കുട്ടികൾ കലണ്ടർ നോക്കി പ്രതികരിക്കുന്നു. മെയ്യ് മാസത്തിലെ ബുധനാഴ്ചകൾ ഏതെല്ലാം തിയതികളിലാണ്? കലണ്ടർ വായനയിലോക്ക് നയിക്കുന്ന വിധം ധാരാളം ചോദ്യങ്ങൾ ചോദിക്കുന്നു മഞ്ചാടിക്കരയിലെ ഉത്സവം ഏതു ദിവസമാണെന്ന് കലണ്ടർ നോക്കി പട്ടിക പൂരിപ്പിക്കുന്നു. നന്ദന തിരിച്ചു പോകുന്നതെപ്പോഴാണ്? (കാര്യ കാരണ സഹിതം അവതരിപ്പിച്ച് പൂരിപ്പിക്കുന്നു) മെയ് മാസത്തിലെ ഓരോ ദിവസവും ഏതെല്ലാം തിയതികളിലാണെന്ന് പട്ടികപ്പെടുത്തുന്നു. ടെക്സ്റ്റ് ബുക്ക് പട്ടിക പൂരിപ്പിച്ച ശേഷം പട്ടികയായി എഴുതുന്നു. ഞായർ 3 10 17 24 തിങ്കൾ ചൊവ്വ ബുധൻ വ്യാഴം വെള്ളി ശനി പട്ടിക അപഗ്രഥന ചോദ്യങ്ങൾ ഓരോ ദിവസവും എത്രയുണ്ട്? മെയ് മാസത്തിൽ ഏത് ദിവസമാണ് കൂടുതൽ ? ഓരോ ദിവസത്തിലെയും തിയതികൾ തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ചർച്ച ജൂൺ 1 തിങ്കൾ ആയാൽ അടുത്ത തിങ്കൾ എന്നായിരിക്കും എന്ന് എങ്ങനെ കണ്ടുപിടിക്കാം? എന്തുകൊണ്ടാണ് ഓരോ മാസത്തിലേയും ദിവസങ്ങൾ തമ്മിൽ 7 ന്റെ വ്യത്യാസം വരുന്നത്? ക്രോഡീകരണം ഒരു ആഴ്ചയിൽ 7 ദിവസങ്ങളാണ്. ഒരു മാസത്തിലെ ഒരേ ദിവസങ്ങൾ തമ്മിൽ 7 ന്റെ വ്യത്യാസമാണ്. ഒരു മാസത്തിലെ ഒരു ദിവസത്തിന്റെ തീയതികൾ കാണാൻ ആദ്യ ദിവസത്തോട് 7 വീതം കൂട്ടിയാൽ മതി. കലണ്ടറിലെ മറ്റു പാറ്റേണുകൾ ഗ്രൂപ്പിൽ കണ്ടെത്തുന്നു. കോണോടു കോൺ വ്യത്യാസങ്ങൾ എത്രയാണ്? ഓരോ നാലു കളങ്ങളും (സമചതുരാകൃതിയിൽ) എടുത്താൽ എന്തെങ്കിലും പ്രത്യകതകൾ ഉണ്ടോ? കണ്ടെത്തൽ അവതരണം ടീച്ചർ ക്രോഡീകരണം "

**സാമഗ്രികൾ**

കലണ്ടർ, വർക്ക്ഷീറ്റ്

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

"തിയതി, ദിവസം എന്നിവ കണ്ടെത്തുന്നതിന് കലണ്ടർ ഉപയോഗിക്കുന്നു ഒരാഴ്ചയിൽ ഏഴു ദിവസങ്ങൾ ഉണ്ട് കലണ്ടറിൽ നിന്ന് വിവിധ പാറ്റേണുകൾ കണ്ടെത്താൻ കഴിയും"

**വിലയിരുത്തൽ**

"കലണ്ടർ വായന പാറ്റേൺ കണ്ടെത്താനും പൂർത്തിയാക്കാനുമുള്ള കഴിവ്."

**തുടർപ്രവർത്തനങ്ങൾ**



1193 എടവം – മിഥുനം | 2018 ജൂൺ JUNE

| ഞായർ SUNDAY | തിങ്കൾ MONDAY | ചൊവ്വ TUESDAY | ബുധൻ WEDNESDAY | വ്യാഴം THURSDAY | വെള്ളി FRIDAY | ശനി SATURDAY |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

കലണ്ടർ നോക്കി താഴെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

1. ഞായർ വരുന്ന ദിവസങ്ങൾ എഴുതുക

..........................................................................................................

2. ജൂൺ 21 ഏതാണ് ദിവസം

.......................................................................................................................

3. ജൂൺ 7 ചൊവ്വാഴ്ചയാണെങ്കിൽ ജൂൺ 15 ഏതാണ് ദിവസം...................................................................

2018 ജൂൺ 30 ശനിയാഴ്ചയാണല്ലോ.... എങ്കിൽ നിങ്ങൾക്ക് 2018 ജൂലൈ മാസത്തെ കലണ്ടർ ഉണ്ടാക്കാമോ

**2018 ജൂലൈ**

| SUNDAY | MONDAY | TUESDAY | WEDNESDAY | THURSDAY | FRIDAY | SATURDAY |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

Chapter - 1

## ഒരു അവധിക്കാലത്ത്

**പഠന നേട്ടം**

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു.(100 ൽ താഴെയുള്ളത്)

**സാമഗ്രികൾ**

കളിച്ചെണ്ട

**ആശയങ്ങൾ, ധാരണകൾ**

ഒരു സംഖ്യയോട് ഒന്നു ചേർന്നാൽ അടുത്ത സംഖ്യ കിട്ടും.

**ഉത്പന്നങ്ങൾ**
-
**വിലയിരുത്തൽ**
സംഖ്യ- ചെണ്ടകൊട്ടൽ ബന്ധം
**സമയം(മിനുട്ടിൽ)**
15

| 1 - ഒരു അവധിക്കാലത്ത് | |
|---|---|
| **ആക്ടിവിറ്റി**<br>ചെണ്ടപ്പാട്ട്<br>**പ്രവർത്തനത്തിന്റെ പേര്**<br>ചെണ്ടപ്പാട്ട്<br>**പ്രവർത്തന ഘട്ടങ്ങൾ**<br>"കുട്ടികളെ വട്ടത്തിൽ നിർത്തി ടീച്ചർ നടുവിൽ നിൽക്കുന്നു. ടീച്ചർ പാട്ടുപാടുന്നു കുട്ടികൾ ഏറ്റു പാടുന്നു (1 വരി വീതം)<br>ചെണ്ടയൊന്നു കൊട്ടി....ഡിം.. ചെണ്ടയൊന്നു കൊട്ടി....ഡിം..<br>ചെണ്ടരണ്ടു കൊട്ടി....ഡിം..ഡിം. ചെണ്ടരണ്ടു കൊട്ടി....ഡിം..ഡിം.<br>തുടർന്ന് ടീച്ചർ 3,4... വിരലുകൊണ്ട് എണ്ണം കാണിക്കുമ്പോൾ കുട്ടികൾ അതനുസരിച്ച് വരികൾ തുടർന്ന് പാടുകയും എണ്ണത്തിനനുസരിച്ച് ചെണ്ട കൊട്ടുകയും ചെയ്യുന്നു."<br>**സാമഗ്രികൾ**<br>കളിച്ചെണ്ട<br>**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**<br>ഒരു സംഖ്യയോട് ഒന്ന് ചേർന്നാൽ അടുത്ത സംഖ്യ കിട്ടും.<br>**വിലയിരുത്തൽ**<br>സംഖ്യ- ചെണ്ട കൊട്ടൽ ബന്ധം<br>**തുടർപ്രവർത്തനങ്ങൾ** | |

Chapter - 1
**ഒരു അവധിക്കാലത്ത്**

**പഠന നേട്ടം**
ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു.(100 ൽ താഴെയുള്ളത്)
**സാമഗ്രികൾ**
"മഞ്ചാടി / വിത്തുകൾ മാർക്കർ, പേന, പേപ്പർഗ്ലാസ്"
**ആശയങ്ങൾ, ധാരണകൾ**
"• ഒരു സംഖ്യയോട് ഒന്നു ചേർന്നാൽ അടുത്ത സംഖ്യ കിട്ടും. • ഒരു സംഖ്യയിൽ നിന്ന് ഒന്ന് കുറയുമ്പോൾ തൊട്ടു മുമ്പുള്ള സംഖ്യ ലഭിക്കും."
**ഉത്പന്നങ്ങൾ**
**വിലയിരുത്തൽ**
"ക്രമമായി എണ്ണാൻ കഴിയുന്നു. മുൻ പിൻ സംഖ്യ പറയാൻ കഴിയുന്നു."
**സമയം(മിനുട്ടിൽ)**
45

| 1 - ഒരു അവധിക്കാലത്ത് | |
|---|---|
| **ആക്ടിവിറ്റി**<br>മഞ്ചാടിയും സംഖ്യാഗ്ലാസും<br>**പ്രവർത്തനത്തിന്റെ പേര്**<br>മഞ്ചാടിയും സംഖ്യാഗ്ലാസും<br>**പ്രവർത്തന ഘട്ടങ്ങൾ**<br>"കുട്ടികളുടെ എണ്ണത്തിനനുസരിച്ച് 20 നും 50നും ഇടയ്ക്കുള്ള മഞ്ചാടി പായ്ക്കറ്റുകളും 20 മുതൽ 50 വരെ സംഖ്യകൾ എഴുതിയ പേപ്പർ ഗ്ലാസുകളും മേശമേൽ വച്ചിരിക്കുന്നു കുട്ടികൾ ഇഷ്ടമുള്ള പൊതി എടുക്കുന്നു എടുത്ത പൊതിയിലെ മഞ്ചാടികൾ എണ്ണുന്നു. എണ്ണത്തിനനുസരിച്ച് നമ്പറുള്ള പേപ്പർഗ്ലാസ് എടുത്ത് മഞ്ചാടി അതിൽ ഇടുന്നു ഒരു ബെഞ്ചിലെ കുട്ടികൾ ഗ്ലാസുകൾ | |

| | |
|---|---|
| പരസ്പരം കൈമാറി ഗ്ലാസിലെ സംഖ്യയും മഞ്ചാടിയും തുല്യമാണോയെന്ന് നോക്കുന്നു(ടീച്ചർ വിലയിരുത്തൽ രേഖപ്പെടുത്തുന്നു.) തെറ്റിയ കുട്ടികൾ ഗ്രൂപ്പംഗങ്ങളുടെ സഹായത്തോടെ വീണ്ടും എണ്ണി ശരിയായ ഗ്ലാസ് കണ്ടുപിടിച്ച് മഞ്ചാടികൾ അതിലിടുന്നു. ടീച്ചർ - ഒരു മഞ്ചാടി കൂടി നിങ്ങളുടെ ഗ്ലാസ്സിൽ ഇട്ടാൽ എത്ര മഞ്ചാടിയാകും ? കുട്ടികൾ ഓരോരുത്തരായി തങ്ങളുടെ ഗ്ലാസുകൾ ഉയർത്തിക്കാണിച്ചു കൊണ്ട് അടുത്ത സംഖ്യ പറയുന്നു.(ടീച്ചർ വിലയിരുത്തുന്നു, കുട്ടികൾ പരസ്പരം വിലയിരുത്തുന്നു) ടീച്ചർ - ഒരു മഞ്ചാടി നിങ്ങളുടെ ഗ്ലാസിൽ നിന്നു എടുത്തു മാറ്റിയാൽ നിങ്ങൾ ഏതു നമ്പർ ഗ്ലാസാണ് എടുക്കുക ? കുട്ടികൾ അവരുടെ ഗ്ലാസുകൾ ഉയർത്തിക്കാണിച്ച് അതിന് മുമ്പുള്ള സംഖ്യ പറയുന്നു.(ടീച്ചർ വിലയിരുത്തുന്നു, കുട്ടികൾ പരസ്പരം വിലയിരുത്തുന്നു) "<br>**സാമഗ്രികൾ**<br>മഞ്ചാടി, പേപ്പർ ഗ്ലാസ്<br>**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**<br>"ഒരു സംഖ്യയോട് ഒന്ന് ചേർന്നാൽ അടുത്ത സംഖ്യ കിട്ടും ഒരു സംഖ്യയിൽ നിന്ന് ഒന്ന് കുറയുമ്പോൾ തൊട്ട് മുമ്പുള്ള സംഖ്യ കിട്ടും"<br>**വിലയിരുത്തൽ**<br>"ക്രമമായി എണ്ണാൻ കഴിയുന്നു. മുൻപ്,പിൻപ് സംഖ്യ പറയാൻ കഴിയുന്നു"<br>**തുടർപ്രവർത്തനങ്ങൾ** | |

Chapter - 1

**ഒരു അവധിക്കാലത്ത്**

**പഠന നേട്ടം**

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു.(100 ൽ താഴെയുള്ളത്)

**സാമഗ്രികൾ**

പേപ്പർ ഗ്ലാസ്, മാർക്കർ

**ആശയങ്ങൾ, ധാരണകൾ**

ഒരു സംഖ്യയോട് ഒന്നു ചേർന്നാൽ അടുത്ത സംഖ്യ കിട്ടും.

**ഉത്പന്നങ്ങൾ**

-

**വിലയിരുത്തൽ**

"യുക്തിചിന്ത ക്രമമായി എണ്ണുന്നതിന്"

**സമയം(മിനുട്ടിൽ)**

| 1 - ഒരു അവധിക്കാലത്ത് | |
|---|---|
| **ആക്ടിവിറ്റി**<br>"ക്രമമായി എണ്ണാൻ കഴിയുന്നു. മുൻ പിൻ സംഖ്യ പറയാൻ കഴിയുന്നു."<br>**പ്രവർത്തനത്തിന്റെ പേര്**<br>**പ്രവർത്തന ഘട്ടങ്ങൾ**<br>"10 മുതൽ 49 വരെ നമ്പറുകൾ എഴുതിയ പേപ്പർ ഗ്ലാസുകൾ നാല് അടുക്കുകളായി മേശപ്പുറത്തു വച്ചിരിക്കുന്നു.(ഒന്നാമത്തെ അടുക്ക് -10-19,---20-29,---30-39,---40-49) ടീച്ചർ - നിങ്ങൾക്ക് 10 നും 50 നും ഇടയിലുള്ള ഒരു സംഖ്യ പറയാം. ആ സംഖ്യ എഴുതിയ ഗ്ലാസ് ഞാൻ കണ്ണടച്ച് എടുത്ത് കാണിക്കാം കുട്ടികൾ ഒരു സംഖ്യ പറയുന്നു (ഉദാ-37) 30 ൽ തുടങ്ങുന്ന അടുക്ക് എടുത്ത് ടീച്ചർ ഉയർത്തി കാണിക്കുന്നു കണ്ണടച്ച് അതിൽ നിന്ന് 37 എന്ന് എഴുതിയ ഗ്ലാസ് എടുത്ത് കാണിക്കുന്നു. രണ്ടു മൂന്ന് തവണ പ്രവർത്തനം ആവർത്തിക്കുന്നു (വ്യത്യസ്ത സംഖ്യകൾ) ടീച്ചർ - ആർക്കെങ്കിലും ഇതുപോലെ ചെയ്തുകാണിക്കാമോ ? തയ്യാറായ കുട്ടികൾ ഓരോരുത്തരായി മുന്നോട്ട് വരുന്നു. മറ്റു കുട്ടികൾ സംഖ്യ പറയുന്നു,ഗ്ലാസ് ഉയർത്തി കാണിക്കുന്നു. എല്ലാ കുട്ടികളും മാറി മാറി ചെയ്യുന്നു. പിന്നോക്കക്കാരെ സഹായിക്കുന്നു."<br>**സാമഗ്രികൾ**<br>"പേപ്പർ ഗ്ലാസ് മാർക്കർ"<br>**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**<br>ഒരു സംഖ്യയോട് ഒന്ന് ചേർന്നാൽ അടുത്ത സംഖ്യ കിട്ടും<br>**വിലയിരുത്തൽ**<br>യുക്തിചിന്ത, ക്രമമായി എണ്ണുന്നതിന്<br>**തുടർപ്രവർത്തനങ്ങൾ** | |

Chapter - 1

## ഒരു അവധിക്കാലത്ത്

**പഠന നേട്ടം**

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു.(100 ൽ താഴെയുള്ളത്)

**സാമഗ്രികൾ**

"50 കോളങ്ങൾ വരച്ച ചാർട്ട്-2 പേപ്പർ സ്ട്രിപ്പ് -100 എണ്ണം വർക്ക് ഷീറ്റ്(51-100)"

**ആശയങ്ങൾ, ധാരണകൾ**

" ഒരു സംഖ്യയോട് ഒന്നു ചേർന്നാൽ അടുത്ത സംഖ്യ കിട്ടും. ഒരു സംഖ്യയിൽ നിന്ന് ഒന്ന് കുറയുമ്പോൾ തൊട്ടു മുമ്പുള്ള സംഖ്യ ലഭിക്കും."

**ഉത്പന്നങ്ങൾ**

"സംഖ്യകൾ ഒട്ടിച്ച ചാർട്ട് വർക്ക്ഷീറ്റ്"

**വിലയിരുത്തൽ**

"ക്രമമായി സംഖ്യ എഴുതാനുള്ള കഴിവ്. തൊട്ടുമുൻപുള്ള സംഖ്യ കണ്ടെത്താനുള്ള കഴിവ്."

**സമയം(മിനുട്ടിൽ)**

60

| 1 - ഒരു അവധിക്കാലത്ത് | |
|---|---|
| **ആക്ടിവിറ്റി**<br>നാടകശാല<br>**പ്രവർത്തനത്തിന്റെ പേര്**<br>**പ്രവർത്തന ഘട്ടങ്ങൾ** | |

| | |
|---|---|
| "ക്ലാസ്സിൽ 2 ഭാഗങ്ങളായി 50 കോളങ്ങൾ വരച്ച ചാർട്ട് ഒട്ടിച്ച് വയ്ക്കുന്നു. മേശപ്പുറത്ത് രണ്ടറ്റത്തായി 50 വീതം പേപ്പർ സ്ട്രിപ്പുകളും ഓരോ മാർക്കർ പേനയും. കുട്ടികളെ രണ്ട് ഗ്രൂപ്പുകളാക്കുന്നു ടാസ്ക് ഒന്നു മുതൽ 50 വരെയുള്ള സംഖ്യകൾ സ്ട്രിപ്പിൽ എഴുതി ഓരോ ഗ്രൂപ്പും അവരുടെ ചാർട്ടിൽ ഒട്ടിക്കണം. ആദ്യം കോളങ്ങൾ പൂർത്തിയാക്കുന്ന ഗ്രൂപ്പ് വിജയിക്കും ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ കുട്ടി വീതം ഒരേ സമയം ഓരോ സ്ട്രിപ്പ് എടുക്കുന്നു. ഇഷ്ടമുള്ള സംഖ്യ എഴുതി അതിന്റെ സ്ഥാനത്ത് ഒട്ടിക്കുന്നു. തെറ്റായ കോളങ്ങളിൽ ഒട്ടിക്കുന്ന കുട്ടികളെ ഗ്രൂപ്പങ്ങളുടെ സഹായത്തോടെ ശരിയിലേക്ക് നയിക്കുന്നു. ടെക്സ്റ്റ് ബുക്കിലെ നാടകശാല എന്ന പ്രവർത്തനം അവതരിപ്പിക്കുന്നു. ബ്ലാക്ക് ബോർഡിൽ ഉണ്ണിയുടേയും കുട്ടുകാരുടേയും സീറ്റ് നമ്പർ പട്ടികപ്പെടുത്തുന്നു. ടെക്സ്റ്റ് ബുക്ക് ചിത്രത്തിൽ സീറ്റ് നമ്പർ കണ്ടെത്തി എഴുതുന്നു. സീറ്റിനു മുകളിൽ ആളുടെ പേരെഴുതുന്നു ടീച്ചർ - സഞ്ജുവിന്റെ സീറ്റിനു തൊട്ടുമുമ്പിലെ സീറ്റ് നമ്പർ എത്ര? വരിയിലെ അതിനു മുമ്പുള്ള ബാക്കി സംഖ്യകൾ എഴുതുന്നു. സഞ്ജുവിന് ശേഷമുള്ള സീറ്റ് നമ്പറുകൾ എഴുതുന്നു. ഡേവിഡിന് മുമ്പും ശേഷവുമുള്ള നമ്പരുകൾ എഴുതുന്നു. ആ വരിയിലെ ബാക്കി നമ്പരുകൾ പൂരിപ്പിക്കുന്നു ബബിതയുടെ സീറ്റ് നമ്പറിൽ നിന്ന് പുറകിലോട്ട് ആ വരിയിലെ സംഖ്യകൾ പൂരിപ്പിക്കുന്നു ഇതുപോലുള്ള നിർദ്ദേശങ്ങളിലൂടെ മുഴുവൻ കളങ്ങളും പൂരിപ്പിക്കുന്നു. ടീച്ചർ - ഓരോ വരിയിലേയും സംഖ്യകൾ ക്രമമായി എഴുതുമ്പോൾ എന്തു പ്രത്യേകതകളാണ് ഉള്ളത്? 11....21.....,12......22.....,13.......23....എന്നിങ്ങനെ എഴുതുന്നു കണ്ടെത്തിയ പ്രത്യേകതകൾ അവതരണം ടീച്ചർ ക്രോഡീകരണം (ഒന്നുകളുടെ സ്ഥാനത്ത് ഒരേ സംഖ്യകൾ,വ്യത്യാസം 10) 51 മുതൽ 99 വരെ സംഖ്യകൾ വരുന്ന വർക്ക് ഷീറ്റ് നൽകുന്നു. പ്രവർത്തനം ചെയ്യുന്നു വിലയിരുത്തൽ സംഖ്യാവായന, മുൻ പിൻ സംഖ്യകൾ കണ്ടെത്തൽ, ക്രമത്തിലെഴുതൽ.........(.ടീച്ചർ, കുട്ടികൾ പരസ്പരം വിലയിരുത്തുന്നു) "<br>**സാമഗ്രികൾ**<br>"ചാർട്ട് 2(50 കോളങ്ങൾ) പേപ്പർ സ്ടിപ്പ് (100 എണ്ണം) വർക്ക് ഷീറ്റ് (51-100 സംഖ്യകൾ)"<br>**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**<br>"ഒരു സംഖ്യയോട് ഒന്ന് ചേർന്നാൽ അടുത്ത സംഖ്യ കിട്ടും ഒരു സംഖ്യയിൽ നിന്ന് ഒന്നു കുറഞ്ഞാൽ തൊട്ട് മുമ്പുള്ള സംഖ്യ ലഭിക്കും"<br>**വിലയിരുത്തൽ**<br>"ക്രമമായി സംഖ്യകൾ എഴുതാനുള്ള കഴിവ്. തൊട്ടുമുമ്പുള്ള സംഖ്യ കണ്ടെത്താനുള്ള കഴിവ്. "<br>**തുടർപ്രവർത്തനങ്ങൾ** | |

Chapter - 1

## ഒരു അവധിക്കാലത്ത്

**പഠന നേട്ടം**

ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കുന്നു.

**സാമഗ്രികൾ**

മുത്തുകൾ /വിത്തുകൾ, സോഡാമൂടികൾ

**ആശയങ്ങൾ, ധാരണകൾ**

" രണ്ട് രണ്ടക്ക സംഖ്യകളിൽ വലുത് പത്തുകളുടെ കൂട്ടം വലുതായ സംഖ്യയാണ്. ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കാം."

**ഉത്പന്നങ്ങൾ**

രൂപീകരിച്ച സംഖ്യകൾ
**വിലയിരുത്തൽ**
"വലുത്, ചെറുത് കണ്ടെത്താനുള്ള കഴിവ്. പത്തുകളും ഒന്നുകളും ചേർത്ത് സംഖ്യ രൂപീകരിക്കുന്നതിനുള്ള കഴിവ്."
**സമയം(മിനുട്ടിൽ)**
60

| **1 - ഒരു അവധിക്കാലത്ത്**<br><br>**ആക്ടിവിറ്റി**<br>തൊടിയിലെ കാഴ്ചകൾ<br>**പ്രവർത്തനത്തിന്റെ പേര്**<br>തൊടിയിലെ കാഴ്ചകൾ<br>**പ്രവർത്തന ഘട്ടങ്ങൾ**<br>"ടെക്സ്റ്റ് ബുക്ക് പേജ്7 ലെ പാഠഭാഗം അവതരിപ്പിക്കുന്നു. ചിത്രവുമായി ബന്ധപ്പെട്ട ചർച്ച ആരൊക്കെയാണ് ചിത്രത്തിൽ ? അവർ എന്തൊക്കെയാണ് ചെയ്യുന്നത് തൊടിയിലെ കാഴ്ചകൾ എന്ന പ്രവർത്തനം അവതരണം ടീച്ചർ - ഉണ്ണി ശേഖരിച്ച നെല്ലിക്കകൾ എത്ര? ഒന്നാമത്തെ പ്ലേറ്റിൽ എത്ര ? രണ്ടാമത്തെ പ്ലേറ്റിൽ എത്ര ? ഓരോ പ്ലേറ്റിനും താഴെ അതിലുള്ള നെല്ലിക്കകളുടെ എണ്ണം എഴുതുന്നു. പത്തുകളും ഒന്നുകളും ചേർത്ത് ആകെ എണ്ണം എഴുതുന്നു. തുടർന്ന് അഭിനന്ദ്, നന്ദന എന്നിവർ ശേഖരിച്ച നെല്ലിക്കകളുടെ എണ്ണം ഇതുപോലെ കണ്ടെത്തുന്നു. (പ്രയാസമുള്ള കുട്ടികൾക്ക് മഞ്ചാടി/വിത്തുകൾ നൽകി പ്രവർത്തനം ചെയ്ത് കണ്ടെത്താൻ അവസരം നൽകുന്നു.) പത്തുകളും ഒന്നുകളും ചേർത്ത് സംഖ്യകൾ രൂപീകരിക്കാനുള്ള കഴിവ് വിലയിരുത്തുന്നു. ടീച്ചർ - ആർക്കാണ് കൂടുതൽ നെല്ലിക്ക കിട്ടിയത്? കുട്ടികൾ പേരു പറയുന്നു(വ്യത്യസ്തമാകാം) ടീച്ചർ - മൂന്നു സംഖ്യകളിൽ ഏറ്റവും വലിയ അക്കം 8 ആണ്. എന്തുകൊണ്ടാണ് 18 വലിയ സംഖ്യ അല്ലാത്തത്? ചർച്ച - പ്രതികരണം ടെക്സ്റ്റ്ബുക്ക് 8 ലെ നെല്ലിക്ക കൂട്ടങ്ങളുടെ ചിത്രം കുട്ടികളുടെ ശ്രദ്ധയിലേക്ക് കൊണ്ടു വരുന്നു ഓരോ സംഖ്യയിലുമുള്ള പത്തിന്റെ കൂട്ടങ്ങളെ കുട്ടികൾ താരതമ്യം ചെയ്യുന്നു ക്രോഡീകരണം - രണ്ടക്കസംഖ്യകളിൽ വലുത് പത്തുകളുടെ കൂട്ടം വലുതായ സംഖ്യയാണ്. ടീച്ചർ - ഏറ്റവും കുറവ് കിട്ടിയത് ആർക്കാണ് ? എന്തുകൊണ്ട് കുറവ് എന്ന ചോദ്യത്തിലൂടെ കുട്ടികൾക്ക് അവരുടെ വാദങ്ങൾ അവതരിപ്പിക്കാൻ അവസരം "<br>**സാമഗ്രികൾ**<br>പേപ്പർ പ്ലേറ്റ്, ഗോലി<br>**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**<br>"രണ്ട് രണ്ടക്ക സംഖ്യകളിൽ വലുത് പത്തുകളുടെ കൂട്ടം വലുതായ സംഖ്യയാണ്. ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യ രൂപീകരിക്കാം"<br><br>**വിലയിരുത്തൽ**<br>"പത്തുകളും ഒന്നുകളും ചേർത്ത് സംഖ്യ രൂപീകരിക്കാനുള്ള കഴിവ് വലുത്,ചെറുത് കണ്ടെത്താനുള്ള കഴിവ്"<br>**തുടർപ്രവർത്തനങ്ങൾ** | |
|---|---|

Chapter - 1

**ഒരു അവധിക്കാലത്ത്**

**പഠന നേട്ടം**
രണ്ട് / മൂന്ന് ഒരക്ക സംഖ്യകളുടെ തുക കാണുന്നു.

**സാമഗ്രികൾ**
മച്ചിങ്ങ, സോഡാമൂടി, പുളിങ്കുരു
**ആശയങ്ങൾ, ധാരണകൾ**
രണ്ട്/മൂന്ന് ഒരക്ക സംഖ്യകളുടെ തുക കാണുന്നതിന് വ്യത്യസ്ത രീതികൾ ഉണ്ട്.
**ഉത്പന്നങ്ങൾ**
മാന്ത്രിക ചതുരത്തിലെ സംഖ്യകളുടെ തുക കണ്ടെത്തിയ പട്ടിക
**വിലയിരുത്തൽ**
മൂന്ന് ഒരക്ക സംഖ്യകൾ സങ്കലനം ചെയ്യാനുള്ള കഴിവ്.
**സമയം(മിനുട്ടിൽ)**
30

| 1 - ഒരു അവധിക്കാലത്ത് | |
|---|---|
| **ആക്ടിവിറ്റി**<br>കൂട്ടുകാർക്ക് നെല്ലിക്ക<br>**പ്രവർത്തനത്തിന്റെ പേര്**<br>കൂട്ടുകാർക്ക് നെല്ലിക്ക<br>**പ്രവർത്തന ഘട്ടങ്ങൾ**<br>"ടെക്സ്റ്റ് ബുക്ക് പേജ് 9 ലെ പ്രവർത്തനം അവതരിപ്പിക്കുന്നു ടീച്ചർ - നമിതയ്ക്ക് ആരെല്ലാമാണ് നെല്ലിക്ക നൽകിയത്? ഓരോരുത്തരും എത്ര വീതം നെല്ലിക്ക നൽകി? പ്രതികരണം പട്ടികാരൂപത്തിൽ മാറ്റുന്നു അഭിനന്ദ് നന്ദന ഉണ്ണി 4 6 5 നമിതയ്ക്ക് ആകെ എത്ര നെല്ലിക്ക കിട്ടി എന്ന് എങ്ങനെ കണ്ടെത്താം? ടെക്സ്റ്റ് ബുക്കിലെ രീതി പരിചയപ്പെടുത്തുന്നു മറ്റെന്തെല്ലാം രീതിയിൽ 4,5,6 എന്നീ അക്കങ്ങൾ കൂട്ടാം ചർച്ചയിലൂടെ വ്യത്യസ്ത രീതികൾ പരിചയപ്പെടുന്നു. 4+6+5 4+6+5 4+6+5 10+5 = 15 4+11=15 9+6=15 4+6+5 4+1+5+5 5+5+5=15 തുടർന്ന് നുസ്റത്തിന് എത്ര നെല്ലിക്ക കിട്ടി എന്ന പ്രശ്നം അവതരിപ്പിക്കുന്നു. കുട്ടികൾ വ്യത്യസ്തരീതിയിൽ ഉത്തരം കണ്ടെത്തുന്ന രീതി അവതരിപ്പിക്കുന്നു. കണ്ടെത്താം എന്ന പ്രശ്നാവതരണം എത്ര കളങ്ങളുണ്ട് ? കളങ്ങളിലെ സംഖ്യകളുടെ പ്രത്യേകതകൾ എന്തൊക്കെ ? (എല്ലാം ഒരക്ക സംഖ്യകൾ, 1-9 വരെ തുടർച്ചയായ സംഖ്യകൾ) പ്രത്യേകതകൾ അവതരിപ്പിക്കുന്നു. ക്രോഡീകരണം കളങ്ങളിൽ നേരെയും കുത്തനെയും കോണോടുകോണും വരുന്ന സംഖ്യകൾ പട്ടികപ്പെടുത്തുന്നു. അവതരണം, ടീച്ചർ ക്രോഡീകരണം ഈ സംഖ്യകളുടെ തുക തമ്മിലുള്ള ബന്ധം എന്താണ്? പട്ടികപ്പെടുത്തിയ സംഖ്യകൾ കൂട്ടുന്നു. ബന്ധം കണ്ടെത്തി പറയുന്നു. (വിലയിരുത്തൽ - മൂന്ന് ഒരക്ക സംഖ്യകളുടെ സങ്കലനം)"**സാമഗ്രികൾ**<br><br>**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**<br>രണ്ട് /മൂന്ന് ഒരക്ക സംഖ്യകളുടെ തുക കാണുന്നതിന് വ്യത്യസ്ത രീതികൾ ഉണ്ട്<br>**വിലയിരുത്തൽ**<br>മൂന്ന് ഒരക്ക സംഖ്യകൾ സങ്കലനം ചെയ്യാനുള്ള കഴിവ്.<br>**തുടർപ്രവർത്തനങ്ങൾ** | |

Chapter - 1

## ഒരു അവധിക്കാലത്ത്

**പഠന നേട്ടം**
രണ്ട് / മൂന്ന് ഒരക്ക സംഖ്യകളുടെ തുക കാണുന്നു.
**സാമഗ്രികൾ**
ചിത്രം, ടെക്സ്റ്റ് ബുക്ക്
**ആശയങ്ങൾ, ധാരണകൾ**

രണ്ട്/മൂന്ന് ഒരക്ക സംഖ്യകളുടെ തുക കാണുന്നതിന് വ്യത്യസ്ത രീതികൾ ഉണ്ട്.
**ഉത്പന്നങ്ങൾ**
**വിലയിരുത്തൽ**
മൂന്ന് ഒരക്ക സംഖ്യകളുടെ സങ്കലനം ചെയ്യാനുള്ള കഴിവ്.
**സമയം(മിനുട്ടിൽ)**
30

| 1 - ഒരു അവധിക്കാലത്ത്<br><br>**ആക്ടിവിറ്റി**<br>മേളക്കാഴ്ച<br>**പ്രവർത്തനത്തിന്റെ പേര്**<br>മേളക്കാഴ്ച<br>**പ്രവർത്തന ഘട്ടങ്ങൾ**<br>"മേളക്കാഴ്ച എന്ന പ്രവർത്തനം അവതരിപ്പിക്കുന്നു. ഉത്സവ കാഴ്ചകൾ ചർച്ച ചെയ്യുന്നു (ചിത്ര വായന). പാട്ട് (ടെക്സ്റ്റ് ബുക്ക് 18) വ്യകതിഗതമായി വായിക്കുന്നു. ഗ്രൂപ്പിൽ ഈണം,ആംഗ്യം എന്നിവ കണ്ടെത്തി അവതരണം. ടീച്ചറും കുട്ടികളും ചേർന്നുള്ള അവതരണം. മേളക്കാർ ഓരോരുത്തരം എത്ര വീതം? പാട്ട് വായിച്ച് ടെക്സ്റ്റ് ബുക്ക് കോളം വ്യക്തിഗതമായി പൂരിപ്പിക്കുന്നു. ആകെ എത്ര എന്നു കണ്ടെത്തുന്നു. ടീച്ചർ സൂചന – 3 സംഖ്യകൾ കൂട്ടുമ്പോൾ ഏതൊക്കെ രീതിയിൽ ചെയ്യാം? ടീച്ചർ വിലയിരുത്തുന്നു. "<br><br>**സാമഗ്രികൾ**<br>ടെക്സ്റ്റ് ബുക്ക് ചിത്രം<br>**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**<br>രണ്ട്/മൂന്നക്ക സംഖ്യകളുടെ തുക കാണുന്നതിന് വ്യത്യസ്ത രീതികൾ ഉണ്ട്.<br><br>**വിലയിരുത്തൽ**<br>മൂന്ന് ഒരക്ക സംഖ്യകൾ സങ്കലനം ചെയ്യാനുള്ള കഴിവ്.<br>**തുടർപ്രവർത്തനങ്ങൾ** | |
|---|---|

Chapter - 1

## ഒരു അവധിക്കാലത്ത്

**പഠന നേട്ടം**
സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു, രീതി വിശദീകരിക്കുന്നു.
**സാമഗ്രികൾ**
ഡൊമിനോ സെറ്റുകൾ
**ആശയങ്ങൾ, ധാരണകൾ**
രണ്ടക്ക സംഖ്യയും ഒരക്ക സംഖ്യയും തമ്മിലുള്ള വ്യത്യാസം കാണുന്നതിന് വ്യത്യസ്ത രീതികളുണ്ട്.
**ഉത്പന്നങ്ങൾ**
കുട്ടികളുടെ പോയിന്റ് പട്ടിക
**വിലയിരുത്തൽ**
രണ്ട് സംഖ്യകളുടെ വ്യവകലനം
**സമയം(മിനുട്ടിൽ)**
90

| 1 - ഒരു അവധിക്കാലത്ത്<br><br>**ആക്ടിവിറ്റി**<br>ഡൊമിനോ കളി<br>**പ്രവർത്തനത്തിന്റെ പേര്** | |
|---|---|

ഡൊമിനോ കളി

**പ്രവർത്തന ഘട്ടങ്ങൾ**

"ഡൊമിനോ കളി എന്ന പ്രവർത്തനം അവതരണം ടീച്ചർ ഡൊമിനോകൾ പ്രദർശിപ്പിച്ച് പേര് പറഞ്ഞ് (1-5,3-2) പരിചയപ്പെടുത്തുന്നു. 4 ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പിൽ നിന്നും ഓരോരുത്തരും ടീച്ചറും ചേർന്ന് ഡൊമിനോ കളിക്കുന്നു (മറ്റുള്ളവർ സഹായികളായും നിരീക്ഷിച്ചും കളി മനസ്സിലാക്കുന്നു.) വിജയി ആര്? പോയിന്റുകൾ കണക്കാക്കുന്ന രീതി പരിചയപ്പെടുത്തുന്നു. ഓരോ ഗ്രൂപ്പിനും ഓരോ സെറ്റ് ഡൊമിനോകൾ നൽകി ഗ്രൂപ്പുകളിൽ ഡൊമിനോ കളിക്കുന്നു.വിജയിയെ കണ്ടെത്തുന്നു. ടെക്സ്റ്റ് ബുക്ക് പ്രവർത്തനം അവതരിപ്പിക്കുന്നു പോയിന്റുകളുടെ വ്യത്യാസം കണ്ടെത്തുന്നതിനുള്ള വ്യത്യസ്ത രീതികൾ പരിചയപ്പെടുന്നു. പത്തു കിട്ടുന്ന വിധം ഏതൊക്കെ ഡൊമിനോകൾ വരാൻ സാധ്യതയുണ്ടെന്ന് കുട്ടി വരച്ചു കാണിക്കുന്നു. ഗ്രൂപ്പുകളിൽ ഡൊമിനോകൾ നിരത്തി വയ്ക്കുന്നു. ടീച്ചർ - 3 ഡൊമിനോകൾ ചേർന്ന് 18 ലഭിക്കുന്ന വിധം എങ്ങനെയെല്ലാം ചേർത്തു വയ്ക്കാം? സംഘമായി ചേർത്തു വയ്ക്കുന്നു. വ്യക്തിഗതമായി നോട്ടിൽ ചിത്രീകരിക്കുന്നു. ചിത്രീകരിച്ചത് സംഖ്യയായി മാറ്റി എഴുതുന്നു (9+5+4 =18). സമാനചോദ്യങ്ങൾ ചോദിക്കുന്നു."




Image printed on www.supercoloring.com - for personal use only - reproduction is prohibited

**സാമഗ്രികൾ**


**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**


രണ്ടക്ക സംഖ്യയും ഒരക്ക സംഖ്യയും തമ്മിലുള്ള വ്യത്യാസം കാണുന്നതിന് വ്യത്യസ്ത രീതികളുണ്ട്.


**വിലയിരുത്തൽ**

രണ്ടു സംഖ്യകളുടെ വ്യവകലനം

**തുടർപ്രവർത്തനങ്ങൾ**






## ഒരു അവധിക്കാലത്ത്

**പഠന നേട്ടം**

സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു, രീതി വിശദീകരിക്കുന്നു.

**സാമഗ്രികൾ**

"ടെക്സ്റ്റ് ബുക്ക് ചിത്രം, ക്രയോണുകൾ"

**ആശയങ്ങൾ, ധാരണകൾ**
എത്ര കൂടുതലാണെന്ന് കണ്ടെത്താൻ വ്യവകലന ക്രിയ ഉപയോഗിക്കും
**ഉത്പന്നങ്ങൾ**
**വിലയിരുത്തൽ**
വ്യവകലനം ചെയ്യുന്നതിന്.
**സമയം(മിനുട്ടിൽ)**
30

| 1 - ഒരു അവധിക്കാലത്ത് | |
|---|---|
| **ആക്ടിവിറ്റി**<br>മുത്തുക്കുട<br>**പ്രവർത്തനത്തിന്റെ പേര്**<br>മുത്തുക്കുട<br>**പ്രവർത്തന ഘട്ടങ്ങൾ**<br>"മുത്തുക്കുട ടെക്സ്റ്റ് ബുക്ക് 19 പ്രവർത്തനം അവതരിപ്പിക്കുന്നു. വലിയ മുത്തുക്കുടയ്ക്ക് വ്യത്യസ്ത നിറങ്ങൾ നൽകി ഭംഗിയാക്കുന്നു. ഏറ്റവും നന്നായി നിറം നൽകിയതാര്? നിറം നൽകിയത് ഉയർത്തിക്കാണിക്കുന്നു, പരസ്പരം വിലയിരുത്തുന്നു. ടെക്സ്റ്റ് ബുക്ക് പ്രശ്നാവതരണം. പച്ച , ചുവപ്പ് മുത്തുക്കുടകൾ എണ്ണി എഴുതുന്നു. എത്ര കൂടുതലുണ്ടെന്ന് എങ്ങനെയെല്ലാം കണ്ടെത്താം ? ചർച്ച 15 നോട് എത്ര കൂട്ടിയാൽ 17 കിട്ടും എന്ന രീതി/ 17 ൽ നിന്ന് 15 കുറച്ച് കണ്ടെത്താം. ക്രോഡീകരണം (47,18 തുടങ്ങിയ വലിയ സംഖ്യകൾ വരുമ്പോൾ സങ്കലനം മനസ്സിൽ ചെയ്യാൻ കഴിഞ്ഞെന്നു വരില്ല. വലിയ സംഖ്യയിൽ നിന്ന് ചെറിയ സംഖ്യ കുറച്ച് ഉത്തരം കണ്ടെത്താം.) മറ്റേതെങ്കിലും രീതിയിൽ ക്രിയ ചെയ്യാതെ/എണ്ണിയെടുക്കാതെ എത്ര കൂടുതലുണ്ടെന്ന് കണ്ടെത്താമോ? ചർച്ച രീതികൾ അവതരണം പ്രായോഗികത ഉറപ്പുവരുത്തൽ കുടകളെ ഒരു പച്ച ഒരു ചുവപ്പ് എന്നക്രമത്തിൽ കൂട്ടങ്ങളാക്കി മാറ്റുന്നു. (വട്ടത്തിലാക്കുന്നു) കൂട്ടങ്ങളാക്കാൻ പറ്റാതെ നിൽക്കുന്നത് ഏത് നിറത്തിലുള്ള കുടകളാണ്? എത്ര എണ്ണം? എന്തുകൊണ്ട് കൂട്ടങ്ങളാക്കാൻ കഴിയുന്നില്ല ?ചർച്ച- ക്രോഡീകരണം."<br>**സാമഗ്രികൾ**<br>"ടെക്സ്റ്റ് ബുക്ക് ചിത്രം, ക്രയോണുകൾ"<br>**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**<br>എത്ര കൂടുതലാണെന്ന് കണ്ടെത്താൻ വ്യവകലന ക്രിയ ഉപയോഗിക്കും<br>**വിലയിരുത്തൽ**<br>വ്യവകലനം ചെയ്യുന്നത്<br>**തുടർപ്രവർത്തനങ്ങൾ** | |

Chapter - 1

## ഒരു അവധിക്കാലത്ത്

**പഠന നേട്ടം**
സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു, രീതി വിശദീകരിക്കുന്നു.
**സാമഗ്രികൾ**
"വിലവിവര പട്ടിക, കളിനോട്ടുകൾ"
**ആശയങ്ങൾ, ധാരണകൾ**
"ഒരു സംഖ്യയെ ആവശ്യത്തിനനുസരിച്ച് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാൻ കഴിയും. ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കാം"
**ഉത്പന്നങ്ങൾ**

സംഖ്യകളെ വ്യാഖ്യാനിച്ച പട്ടിക
**വിലയിരുത്തൽ**
"സംഖ്യകളുടെ ബന്ധം കണ്ടെത്താനുള്ള കഴിവ്, സംഖ്യകളെ വ്യാഖ്യാനിക്കുന്നതിനുള്ള കഴിവ് (സങ്കലനം)."
**സമയം(മിനുട്ടിൽ)**
90

| 1 - ഒരു അവധിക്കാലത്ത് | |
|---|---|
| **ആക്ടിവിറ്റി**<br><br>ഉത്സവചന്ത<br>**പ്രവർത്തനത്തിന്റെ പേര്**<br>ഉത്സവച്ചന്ത<br>**പ്രവർത്തന ഘട്ടങ്ങൾ**<br>"അഭിനന്ദും നന്ദനയും കളിപ്പാട്ടങ്ങൾ വാങ്ങാൻ ഉത്സവചന്തയിലെത്തി. അവിടെ കളിപ്പാട്ടങ്ങളുടെ വില അന്വേഷിച്ചു. വിലവിവരപ്പട്ടിക അവതരണം, ടീച്ചർ ചാർട്ട് പ്രദർശനം. പട്ടിക വായനയിലേക്ക് നയിക്കാൻ ചോദ്യങ്ങൾ. എന്തൊക്കെ സാധനങ്ങൾ? ഓരോന്നിനും വിലയെന്ത്? ഏറ്റവും വിലകൂടിയതേത്? കുട്ടികൾ ഓരോ ചോദ്യങ്ങളായി ചോദിച്ച് ടീച്ചർ ഉറക്കെ വായിച്ചു കൊടുത്ത് വ്യക്തിഗതമായി നോട്ടിൽ ക്രിയ ചെയ്ത് ഉത്തരം എഴുതുന്നു. ടെക്സ്റ്റ് ബുക്ക് കളം പൂരിപ്പിക്കുന്നു. മുഴുവൻ പ്രശ്നങ്ങളും ചെയ്തശേഷം ഓരോ ചോദ്യമായി വായിച്ച് ഓരോ കുട്ടിയും ഉത്തരം കണ്ടത്തിയ രീതി അവതരണം.വ്യത്യസ്ത രീതികൾ പരിചയപ്പെടുത്തൽ. മൂന്നാമത്തെ ചോദ്യം(21 രൂപയ്ക്ക് രണ്ട് കളിപ്പാട്ടങ്ങൾ) രണ്ടുത്തരങ്ങളും ചെയ്ത രീതി അവതരിപ്പിക്കാൻ അവസരം നൽകണം. ടീച്ചർ ഒരു ബില്ല് അവതരിപ്പിക്കുന്നു (ബ്ലാക്ക് ബോർഡ് )31 രൂപ. എങ്കിൽ ഏതൊക്കെ സാധനങ്ങൾ വാങ്ങിയിട്ടുണ്ടാകും? കുട്ടികൾ വിലവിവര പട്ടികയെ അടിസ്ഥാനമാക്കി ചോദ്യങ്ങൾ ചോദിക്കുന്നു. കളിനോട്ടുകൾ നൽകി പ്രയാസപ്പെടുന്ന കുട്ടികളെ സഹായിക്കുന്നു."<br><br>**സാമഗ്രികൾ**<br>വിലവിവര പട്ടിക<br>**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**<br>"ഒരു സംഖ്യയെ ആവശ്യത്തിനനുസരിച്ച് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാൻ കഴിയും. ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കാം"<br>**വിലയിരുത്തൽ**<br>"സംഖ്യകളെ വ്യാഖ്യാനിക്കുന്നതിനുള്ള കഴിവ് (സങ്കലനം) സംഖ്യകളുടെ ബന്ധം കണ്ടെത്താനുള്ള കഴിവ്"<br>**തുടർപ്രവർത്തനങ്ങൾ** | |